**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4932** **11-08-2021 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൃക്ക, കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയക്കു വിധേയമായിട്ടുള്ളവർക്ക് തുടർചികിത്സയ്ക്കായി എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; ഈ സഹായങ്ങൾക്ക് അപേക്ഷിക്കേണ്ട രീതി എന്താണെന്നു വ്യക്തമാക്കാമോ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. വൃക്ക/കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയും ധനസഹായം ലഭിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട് ആശുപത്രിയിലെ ഇൻഷുറൻസ് വിഭാഗവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷ മിഷന്റെ കീഴിലുള്ള "സമാശ്വാസം" പദ്ധതി പ്രകാരം വൃക്ക/ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1600/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞു 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി ആറു മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും ലഭിക്കുന്നുണ്ട്. വൃക്ക/കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിന് കീഴിലുള്ള “Society for Medical Assistance to the Poor" പദ്ധതിയിൽ നിന്നും ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റ തവണ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (ബി) | കേരളത്തിലെ ഏതെല്ലാം സർക്കാർ മെഡിക്കൽ | (ബി) | താഴെപറയുന്ന സർക്കാർ മെഡിക്കൽ |

| | | | |
|---|---|---|---|
| | കോളേജുകളിൽ വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി വരുന്നു എന്നുള്ളത് വിശദമാക്കാമോ? | | കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം - വൃക്ക കോട്ടയം - വൃക്ക, ഹൃദയം ആലപ്പുഴ - വൃക്ക കോഴിക്കോട് - വൃക്ക |

സെക്ഷൻ ഓഫീസർ